വൈദ്യുതി ബോർഡിന് സഹായം

113 (1655) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണകുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ് കുടിശ്ശികതുക ബോർഡിന് നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വൈദ്യുതി ബോർഡിന് അടിയന്തിര ധനസഹായം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും ജനുവരി മുതലുള്ള വൈദ്യുതി ചാർജ് മുടക്കം കൂടാതെ അടയ്ക്കുന്നതിന് 21-10 -2002-ലെ ജി.ഒ.(എം.എസ്.) നമ്പർ.30/2002/പി.ഡി. എന്ന ഓർഡർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് വകുപ്പുകൾ, വാട്ടർ അതോറിറ്റി, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതി കുടിശ്ശികയ്ക്ക് പരിഹാരം കാണുന്നതിലേയ്ക്കായി മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെ ഒരു യോഗം വിളിച്ചുകൂട്ടി മേൽനടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി ബോർഡിന്റെ ചെലവു കുറയ്ക്കാൻ നടപടി

114 (1657) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തനച്ചെലവ് കുറച്ചുകൊണ്ടു വരുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യുച്ഛക്തിവകുപ്പിൽ സാധനങ്ങൾ വാങ്ങുന്നതിന് നിലവിലുള്ള പർച്ചേസ് വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

1. ഭരണ പൊതുചെലവുകൾ 15% കുറയ്ക്കാൻ തീരുമാനിച്ചു.

2. എൻ.ടി.പി.സി. കായംകുളത്തെ ഒരു റീജിയണൽ പവർസ്റ്റേഷൻ ആക്കിയതുമൂലം ആ സ്ഥാപനത്തിന് കൊടുക്കുവാനുള്ള ഫിക്സഡ് ചാർജ് തുകയിൽ പ്രതിമാസം ഏകദേശം 10.5 കോടി രൂപയുടെ കുറവുണ്ടായി.

3. കായംകുളം താപവൈദ്യുത നിലയത്തിലേക്ക് ആവശ്യമായ നാഫ്തയുടെ വിൽപ്പനനികുതി 1-11-2002 മുതൽ കേരള സർക്കാർ ഒഴിവാക്കിയതുമൂലം അവിടെ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വിലയിൽ യൂണിറ്റിന് ഏകദേശം '11' പൈസയോളം കുറവുണ്ടായി.

4. കായംകുളം താപ വൈദ്യുതി നിലയത്തിലേക്കാവശ്യമായ നാഫ്തയുടെ എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയതുമൂലം പ്രസ്തുത നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി വിലയിൽ പ്രതിമാസം ഏകദേശം 8 കോടി രൂപയുടെ കുറവുണ്ടായി.

5. പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും കൂടിയ പലിശനിരക്കിൽ എടുത്തിരുന്ന കടം പുനഃക്രമീകരിച്ചതു മുഖാന്തിരം പലിശ ഇനത്തിൽ പ്രതിവർഷം ഏകദേശം ഒരു കോടി രൂപയുടെ കുറവുണ്ടായി.

6. കോഴിക്കോട് താപവൈദ്യുത നിലയനിർമ്മാണവുമായി ബന്ധപ്പെട്ട് ബാങ്കുകളിൽ നിന്നും എടുത്തിരുന്ന 125 കോടി രൂപയുടെ വായ്പ പുനഃക്രമീകരിക്കുക വഴി പലിശ ഇനത്തിൽ പ്രതിവർഷം ഏകദേശം 1.1 കോടി രൂപയുടെ കുറവുണ്ടായി.

7. റൂറൽ ഇലക്ട്രിഫിക്കേഷൻ, എൽ.ഐ.സി. എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ പുനഃക്രമീകരിച്ച് കുറഞ്ഞ പലിശ നിരക്കിലേക്ക് മാറ്റുവാനുള്ള ശ്രമം തുടർന്നുവരുന്നു.

8. 427 ഉദ്യോഗസ്ഥന്മാരുണ്ടായിരുന്ന 53 ബില്ലിംഗ് സൂപ്പർ വിയർ യൂണിറ്റുകൾ നിർത്തലാക്കി. പകരം 190 പേരുള്ള 19 റീജിയണൽ ഓഡിറ്റ് ഓഫീസുകൾ ആരംഭിച്ചു.

9. അവധി ദിവസവേതനം, ലീവ് സറണ്ടർ എന്നിവ നിർത്തൽ ചെയ്തു.

10. ചീഫ് എഞ്ചിനീയർമാരുടെ തസ്തിക 19 എണ്ണത്തിൽ നിന്നും 12 ആയി കുറച്ചു.

LIBRARY ARCHIVES Kerala Legislative Assembly

11. ഒരു ചീഫ് എഞ്ചിനീയറുടെ കീഴിലുണ്ടായിരുന്ന എസ്.എസ്. ആന്റ് റ്റി.എൻ.സി വിഭാഗം പൂർണ്ണമായും നിർത്തൽ ചെയ്യുകയും ആ ചുമതലകൾ രണ്ട് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയർമാർക്ക് വീതിച്ചു കൊടുക്കുകയും ചെയ്തു.

12. 500 ലധികം സെക്ഷനുകളിൽ രണ്ടും അതിലധികവും സീനിയർ സൂപ്രണ്ടുമാർ ഉണ്ടായിരുന്നത് ഒന്നായി കുറച്ചു.

13. മസ്ദൂർ, സഹതാപ നിയമനങ്ങൾ എന്നിവയും പ്രത്യേക പദ്ധതി പ്രകാരം ഉള്ള നിയമനങ്ങളും ഒഴികെ പുതിയതായി നിയമനങ്ങൾ താൽക്കാലികമായി നിർത്തിവച്ചു.

14. സാധന സാമഗ്രികൾ വാങ്ങുന്നതിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകവഴി അതു മുഖാന്തരമുള്ള ചെലവുകൾ കുറഞ്ഞു.

15. പെട്രോൾ വാഹനങ്ങളുടെ വിൽപ്പനയും വാടക വാഹനങ്ങളുടെ ഉപയോഗവും നടപ്പിലാക്കി.

16. ടെലഫോൺ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തി.

17. ബോർഡിന്റെ ചെലവിൽ മണി ഓർഡറായി നൽകിവന്ന പെൻഷൻ വിതരണം നിർത്തൽ ചെയ്തതുവഴി മണിഓർഡർ ചാർജിനത്തിൽ പ്രതിമാസം 6.50 ലക്ഷം രൂപ ചെലവ് കുറയ്ക്കാനായി.

18. ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വാണിജ്യസമുച്ചയങ്ങൾ ഉൾപ്പെടെയുള്ള പുതിയ നിർമ്മാണങ്ങൾ നിർത്തൽ ചെയ്തു.

19. മുൻകൂർ അഡ്വാൻസ് കോൺട്രാക്ടർമാർക്ക് നൽകുന്നത് നിർത്തലാക്കി.

20. പരസ്യചെലവുകൾ കുറച്ചു.

(ബി&സി) ഉണ്ട്. ഇനിമുതൽ വിതരണ മേഖലയിൽ എപ്പോഴും ആവശ്യം വരുന്നതും കൂടുതൽ ഉപയോഗിക്കുന്നതും ആയ സാധനങ്ങൾ വാങ്ങുന്ന കാര്യത്തിൽ 19 സർക്കിളുകളിലെ ആവശ്യകത അനുസരിച്ച് ടെൻഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്യുന്ന സപ്ലൈയർക്ക് റേറ്റ് കോൺട്രാക്ടർക്ക് ഉറപ്പിക്കാനും അവരെ അതാത് സർക്കിളുകളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ ആവശ്യാനുസരണം സാധനങ്ങൾ സപ്ലൈ ചെയ്യുവാൻ നിഷ്ക്കർഷിക്കാനും ഉദ്ദേശിക്കുന്നു. പർച്ചേസ് ഓർഡർ നൽകുന്നതും പേമെന്റ് നടത്തുന്നതും സർക്കിളുകളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly